LIBRARY ARCHIVES Kerala Legislative Assembly

'ദളവാക്കുളം' ചരിത്രസ്മാരകമാക്കുവാൻ നടപടി

72 [1079] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1803-ൽ വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിൽ പ്രവേശിച്ച പിന്നോക്ക ക്കാരെ അന്നത്തെ രാജഭരണകൂടം വെട്ടിനുറുക്കി കുഴിച്ചുമൂടിയ 'ദളവാക്കുളം' ചരിത്ര സ്മാരകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ദളവാക്കുളം സംഭവത്തെക്കുറിച്ച് വസ്തുതാപരമായ ഗവേഷണം നടത്തുവാൻ ചരിത്രകാരന്മാരുടെ ഒരു സമിതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുര ത്തിൽനിന്നും ഉദ്ദേശം 100 മീറ്റർ അകലെയാണ് ദളവാക്കുളം എന്നറിയപ്പെടുന്ന സ്ഥലം. കുളം ഉണ്ടായിരുന്നതായി പറയപ്പെടുന്ന സ്ഥലം നികത്തി ബസ്റ്റാന്റാക്കി മാറ്റിയിരിക്കുകയാ ണ്. 1803-ൽ വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിലേക്ക് കയറാൻ ശ്രമിച്ച പിന്നോക്കക്കാരെ വെട്ടിനുറുക്കി ഈ കുളത്തിൽ ഇട്ടുമൂടിയതായി പറയപ്പെടുന്നതല്ലാതെ ആധികാരിക രേഖകൾ കണ്ടെത്താനായിട്ടില്ല. അതിനെപ്പറ്റിയുള്ള പഠനം ആരംഭിച്ചുകഴിഞ്ഞിരി ക്കുകയാണ്. വസ്തുതാപരമായ തെളിവുകൾ ലഭിക്കുന്ന മുറയ്ക്ക് സംരക്ഷിത സ്മാരക മാക്കുന്നതിനുള്ള നടപടികൾ എടുക്കാവുന്നതാണ്.

കാർഷിക സമാശ്വാസ പദ്ധതി

73 [1080] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജനുവരിയിൽ കേരള സർക്കാർ പ്രഖ്യാപിച്ച കാർഷിക സമാശ്വാസ പദ്ധതി അനുസരിച്ച് എത്ര കോടി രൂപയുടെ സഹായ പരിപാടികൾ ആണ് ലക്ഷ്യ മിട്ടിരുന്നത്;

(ബി) ഇതിൽ ഓരോ ഇനം വിളവിനും നീക്കിവച്ചിരുന്ന തുക എത്രയായിരുന്നു;

(സി) എന്തു തുക വീതം നാളിതുവരെ ചെലവാക്കിക്കഴിഞ്ഞുവെന്നും എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) കാർഷിക സമാശ്വാസ പദ്ധതി അനുസരിച്ച് അഡ്വാൻസായി തുക സ്വീകരിച്ചശേഷം പദ്ധതി പൂർണ്ണമായും നടപ്പാക്കാതെ നിർത്തലാക്കിയ ഏതെങ്കിലും സംഭവം കൃഷി വകുപ്പിൽ ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) 2003 മാർച്ച് 29-ന് പുറത്തിറക്കിയ സർക്കാർ ഉത്തരവനുസരിച്ച് [ജി.ഒ. (എംഎസ്.) നമ്പർ 74/03/എ.ഡി.] വനിതാ സ്വാശ്രയ സംഘങ്ങൾക്ക് കൊപ്രാ ഡ്രയർ വാങ്ങുവാൻ എത്ര തുകയാണ് നീക്കിവച്ചിരുന്നതെന്നും അത് ഏത് തീയതിക്കുള്ളിൽ ചെലവഴിക്കുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്യണമെന്നാണ് ഉത്തരവിൽ നിർദ്ദേശി ച്ചിരുന്നതെന്നും അറിയിക്കാമോ;

(ജി) മേൽപ്പറഞ്ഞ ഉത്തരവനുസരിച്ച് എത്ര തുക ചെലവഴിച്ചുവെന്നും എത്ര കൊപ്രാ ഡ്രയറുകൾ വനിതാ സ്വാശ്രയ സംഘങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞുവെന്നും അതു വഴി എത്ര കിന്റൽ നാളികേരം കൊപ്രയാക്കി കഴിഞ്ഞെന്നും അതുമൂലം എത്ര രൂപയുടെ കൊപ്ര വിറ്റഴിക്കപ്പെട്ടു എന്നും വെളിപ്പെടുത്താമോ;

(എച്ച്) ഈ പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കിക്കഴിഞ്ഞിട്ടില്ല എങ്കിൽ അതിന് ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ തക്കതായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയ്ക്ക് 95 കോടി രൂപയുടെ സഹായ പരിപാടികളാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി)

	ഇനം		രൂപ (കോടിയിൽ)
1.	റബ്ബർ സംഭരണം	..	40.00
2.	നാളികേര വികസനം (കൊപ്രാ ഡ്രയറുകൾ സീഡ് മണി)	..	11.00
3.	നെൽകൃഷിക്കാർക്കായുള്ള പ്രൊഡക്ഷൻ ഇൻസന്റീവ്	..	8.00
4.	പുഞ്ചവയലുകൾ ഡീവാട്ടറിംഗിനായുള്ള പമ്പിംഗ് സബ്സിഡി	..	6.00
5.	നെല്ല് സംഭരണം	..	6.00
6.	അടയ്ക്ക സംഭരണത്തിനുള്ള സബ്സിഡി	..	10.00
7.	കാപ്പി കൃഷിക്കാർക്കായുള്ള ആശ്വാസ പദ്ധതി	..	6.00
8.	കുരുമുളക് കർഷകർക്കായുള്ള ആശ്വാസ പദ്ധതി	..	5.00
9.	ഇഞ്ചിക്ക് വാങ്ങൽനികുതി ഇളവ്	..	3.00
	ആകെ	..	95.00

(സി) സമാശ്വാസ പദ്ധതിപ്രകാരം ഇതുവരെ ചെലവഴിച്ച തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

1.	നെല്ല് സംഭരണം (ഇതിൽ 3 കോടി രൂപ കൊപ്രാ ഡ്രയറുകൾ സ്ഥാപിക്കുന്നതിന് നീക്കിവച്ച തുകയിൽനിന്നും ചെലവാക്കിയതാണ്)	..	9.00	കോടി
2.	കുരുമുളക്	..	3.51	കോടി
3.	കാപ്പി	..	1.81	,,
4.	അടയ്ക്കാ സംഭരണം	..	9.50	,,
5.	റബ്ബർ സംഭരണം	..	1.26	,,
6.	കൊപ്രാ ഡ്രയർ സ്ഥാപിക്കുന്നതിന്	..	2.10	,,
7.	നെല്ല് കർഷകർക്ക് ഉല്പാദക ബോണസ്	..	8.00	,,
8.	പമ്പിംഗ് സബ്സിഡി	..	6.00	,,

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) ഒരു പദ്ധതിയും നടപ്പാക്കാതെ നിർത്തലാക്കിയിട്ടില്ല.

(എഫ്) പ്രസ്തുത ജി.ഒ. പ്രകാരം വനിതാ സഹകരണ സംഘങ്ങൾക്ക് കൊപ്രാ ഡ്രയർ വാങ്ങുന്നതിനായി 9.4 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിലേക്കായി നീക്കിവച്ച തുക 2003 ജൂലൈ 31-ന് മുമ്പ് ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ചെലവാക്കാൻ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങുന്നുണ്ട്.

(ജി) മേൽപ്പറഞ്ഞ ഉത്തരവനുസരിച്ച് 50.2 ലക്ഷം രൂപ ചെലവഴിച്ച് 14 കൊപ്രാ ഡ്രയറുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2,000 നാളികേരം കൊപ്രയാക്കുകയും 12,000 കൊപ്ര വിറ്റഴിക്കപ്പെടുകയും ചെയ്തു.

(എച്ച്) പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്തത് വിവിധ കാരണങ്ങളാലാണ്. പദ്ധതി തുടർന്ന് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

74 [1081] ശ്രീ. വി. ചെന്താമരാക്ഷൻ:
,, സാജു പോൾ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചതെന്നാണ്;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഒരു ഉന്നതതല സ്ഥിരസമിതി രൂപീകരിച്ചിട്ടുണ്ടോ;

(എഫ്) റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തിന്റെ കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ജി) കേന്ദ്ര സർക്കാരിന്റെ കയറ്റുമതി നയത്തിന് അനുസൃതമായ നിർദ്ദേശങ്ങളാണ് സ്വാമിനാഥൻ റിപ്പോർട്ടിലുള്ളതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly